**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 391** **14-03-2023 - ൽ മറുപടിയ്ക്ക്**

**റോഡുകളുടെ ഗുണനിലവാരം ഉറപ്പാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി ,<br>ഡോ. എം. കെ. മുനീർ ,<br>ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പൊതുമരാമത്ത് റോഡുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് പൊതുമരാമത്ത് റോഡുകളുടെ ഗുണപരിശോധന ഉറപ്പാക്കുന്നതിന് നൂതന സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തി ഇടങ്ങളിൽ നേരിട്ടെത്തി തത്സമയം ഗുണപരിശോധന സാധ്യമാക്കുന്ന ഓട്ടോമേറ്റഡ് മൊബൈൽ ടെസ്റ്റിംഗ് ലബോറട്ടറികൾ സജ്ജമാക്കിയിട്ടുണ്ട്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ 3 കേന്ദ്രങ്ങളിലായി 3 മൊബൈൽ ലാബുകളാണ് പ്രവർത്തനം ആരംഭിച്ചത്. സിമന്റ്, മണൽ, മെറ്റൽ, ബിറ്റുമിൻ തുടങ്ങിയ നിർമ്മാണ സാമഗ്രികളുടെയും കോൺക്രീറ്റ്, ടൈൽ മുതലായവയുടെയും ഗുണപരിശോധന ഇതുവഴി സാധ്യമാകും. റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ എന്നിവയുടെ പ്രവൃത്തി നടക്കുന്ന അവസരത്തിൽ തത്സമയ ഗുണനിലവാര പരിശോധന സാധ്യമാക്കുന്നതിലൂടെ ഉടനടി നടപടികൾ എടുക്കാനും സാധിക്കും. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ അംഗീകൃത ഷെഡ്യൂൾ, സ്പെസിഫിക്കേഷൻ എന്നിവ പ്രകാരമാണ് പ്രവൃത്തികൾ നടപ്പിലാക്കുന്നത്. റോഡ് നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ പൊതുമരാമത്ത് വകുപ്പിലെ ക്വാളിറ്റി കൺട്രോൾ മാനുവൽ അനുസരിച്ചുള്ള വിവിധ പരിശോധനകൾ നടപ്പിലാക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും ക്വാളിറ്റി കൺട്രോൾ വിഭാഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം എന്നീ ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിലും മറ്റ് ജില്ലകളിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിലും ക്വാളിറ്റി കൺട്രോൾ ലാബുകൾ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. കൂടാതെ ഭരണവിഭാഗം ചീഫ് |

| | | | |
|---|---|---|---|
| | | | എഞ്ചിനീയറുടെ കീഴിൽ നിർമ്മാണ പ്രവൃത്തികളുടെ പരിശോധനയ്ക്കായി ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ തലവനായുള്ള വിജിലൻസ് വിഭാഗവും പ്രവർത്തിക്കുന്നുണ്ട്. ഈ വിഭാഗം മുഖേന നിർമ്മാണത്തിലെ ക്രമക്കേടുകളും അപാകതകളും സംബന്ധിച്ച് പരിശോധനകൾ നടത്തുകയും അനന്തര നടപടികൾ സ്വീകരിക്കാറുമുണ്ട്.<br><br>പൊതുമരാമത്ത് വകുപ്പിലെ ക്വാളിറ്റി കൺട്രോൾ മാന്വലിൽ നിഷ്കർഷിക്കുന്ന പ്രകാരമുള്ള 1st tier, 2nd tier എന്നീ ശ്രേണികളിലായി ഗുണനിലവാര പരിശോധന നടത്തി വരുന്നു. ഇതിൽ ഒന്നാം ഘട്ട ഗുണനിലവാര പരിശോധന പ്രവൃത്തി നടക്കുന്ന സമയത്ത് അതാത് നിർവഹണ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ കരാറുകാരാണ് ചെയ്യുന്നത്. രണ്ടാം ഘട്ട ഗുണനിലവാര പരിശോധന നടത്തുന്നത് വകുപ്പിന്റെ കീഴിലുള്ള ക്വാളിറ്റി കൺട്രോൾ വിഭാഗമാണ്. രണ്ടാംഘട്ട ഗുണനിലവാര പരിശോധന നടത്തുന്നതിനായി നിർമ്മാണ പ്രവൃത്തിയുടെ അസംസ്കൃത വസ്തുക്കൾ, കോൺക്രീറ്റ്, ബിറ്റുമെൻ എന്നിവയുടെ പരിശോധനകൾ നടത്തുന്നതിന് വേണ്ടിയുള്ള ഉപകരണങ്ങൾ വകുപ്പിന്റെ കീഴിലുള്ള ജില്ലാ ക്വാളിറ്റി കൺട്രോൾ ലബോറട്ടറികളിൽ സജ്ജീകരിച്ചിട്ടുണ്ട്. |
| (ബി) | റോഡുകളുടെ നിർമ്മാണത്തിൽ പൊതുമരാമത്ത് വകുപ്പ് മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തി ഗുണനിലവാര പരിശോധനാ സംവിധാനം ശക്തിപ്പെടുത്തുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ; | (ബി) | സംസ്ഥാനത്ത് പൊതുമരാമത്ത് റോഡുകളുടെ ഗുണപരിശോധന ഉറപ്പാക്കുന്നതിന് നൂതന സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തി ഇടങ്ങളിൽ നേരിട്ടെത്തി തത്സമയം ഗുണപരിശോധന സാധ്യമാക്കുന്ന ഓട്ടോമേറ്റഡ് മൊബൈൽ ടെസ്റ്റിംഗ് ലബോറട്ടറികൾ സജ്ജമാക്കിയിട്ടുണ്ട്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ 3 കേന്ദ്രങ്ങളിലായി 3 മൊബൈൽ ലാബുകളാണ് പ്രവർത്തനം ആരംഭിച്ചത്. സിമന്റ്, മണൽ, മെറ്റൽ, ബിറ്റുമിൻ തുടങ്ങിയ നിർമ്മാണ സാമഗ്രികളുടെയും കോൺക്രീറ്റ്, ടൈൽ മുതലായവയുടെയും ഗുണപരിശോധന ഇതുവഴി സാധ്യമാകും. റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ എന്നിവയുടെ പ്രവൃത്തി നടക്കുന്ന അവസരത്തിൽ തത്സമയ ഗുണനിലവാര പരിശോധന സാധ്യമാക്കുന്നതിലൂടെ ഉടനടി നടപടികൾ എടുക്കാനും സാധിക്കും. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ അംഗീകൃത ഷെഡ്യൂൾ, സ്പെസിഫിക്കേഷൻ എന്നിവ പ്രകാരമാണ് പ്രവൃത്തികൾ നടപ്പിലാക്കുന്നത്. റോഡ് നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ പൊതുമരാമത്ത് വകുപ്പിലെ ക്വാളിറ്റി കൺട്രോൾ |

| | | | |
|---|---|---|---|
| | | | മാന്വൽ അനുസരിച്ചുള്ള വിവിധ പരിശോധനകൾ നടപ്പിലാക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും ക്വാളിറ്റി കൺട്രോൾ വിഭാഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം എന്നീ ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിലും മറ്റു ജില്ലകളിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിലും ക്വാളിറ്റി കൺട്രോൾ ലാബുകൾ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. കൂടാതെ ഭരണവിഭാഗം ചീഫ് എഞ്ചിനീയറുടെ കീഴിൽ നിർമ്മാണ പ്രവൃത്തികളുടെ പരിശോധനയ്ക്കായി ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ തലവനായുള്ള വിജിലൻസ് വിഭാഗവും പ്രവർത്തിക്കുന്നുണ്ട്. ഈ വിഭാഗം മുഖേന നിർമ്മാണത്തിലെ ക്രമക്കേടുകളും അപാകതകളും സംബന്ധിച്ച് പരിശോധനകൾ നടത്തുകയും അനന്തര നടപടികൾ സ്വീകരിക്കാറുമുണ്ട്.<br><br>പൊതുമരാമത്ത് വകുപ്പിലെ ക്വാളിറ്റി കൺട്രോൾ മാന്വലിൽ നിഷ്കർഷിക്കുന്ന പ്രകാരമുള്ള $1^{st}$ tier, $2^{nd}$ tier എന്നീ ശ്രേണികളിലായി ഗുണനിലവാര പരിശോധന നടത്തി വരുന്നു. ഇതിൽ ഒന്നാം ഘട്ട ഗുണനിലവാര പരിശോധന പ്രവൃത്തി നടക്കുന്ന സമയത്ത് അതാത് നിർവഹണ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ കരാറുകാരാണ് ചെയ്യുന്നത്. രണ്ടാം ഘട്ട ഗുണനിലവാര പരിശോധന നടത്തുന്നത് വകുപ്പിന്റെ കീഴിലുള്ള ക്വാളിറ്റി കൺട്രോൾ വിഭാഗമാണ്. രണ്ടാംഘട്ട ഗുണനിലവാര പരിശോധന നടത്തുന്നതിനായി നിർമ്മാണ പ്രവൃത്തിയുടെ അസംസ്കൃത വസ്തുക്കൾ, കോൺക്രീറ്റ്, ബിറ്റുമെൻ എന്നിവയുടെ പരിശോധനകൾ നടത്തുന്നതിന് വേണ്ടിയുള്ള ഉപകരണങ്ങൾ വകുപ്പിന്റെ കീഴിലുള്ള ജില്ലാ ക്വാളിറ്റി കൺട്രോൾ ലബോറട്ടറികളിൽ സജ്ജീകരിച്ചിട്ടുണ്ട്. |
| (സി) | ഗുണനിലവാര വ്യവസ്ഥകളുടെ വിശദാംശം ദർഘാസ് രേഖകളിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | ഗുണനിലവാര വ്യവസ്ഥകളുടെ വിശദാംശം ദർഘാസ് രേഖകളിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഗുണനിലവാരം ഉറപ്പാക്കുന്നതിന് ആവശ്യമായ പരിശോധനകൾ standard bid document-ൽ ഉൾപ്പെടുത്തി വരുന്നു. |

സെക്ഷൻ ഓഫീസർ